**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 387** | **08-08-2023 - ൽ മറുപടിയ്ക്ക്**

**മാലിന്യവിമുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തം വീടിനുമപ്പുറം പരിസരവും നാടും ശുചിയായിരിക്കണമെന്ന ഉയർന്ന പൗരബോധത്തിലേക്ക് ഓരോ മലയാളിയും വളരുകയെന്നതാണ് മാലിന്യവിമുക്ത കേരളത്തിലേക്കുള്ള ആദ്യപടി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഈ ഒരു ലക്ഷ്യം ഇപ്പോൾ നടന്നു വരുന്ന മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. |
| (ബി) | ഓരോ വീട്ടിലും ഒരു ദിവസമുണ്ടാവുന്ന ജൈവ മാലിന്യം ശരാശരി ഒരു കിലോയിൽ താഴെ മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനങ്ങളുടെ പൂർണ്ണ പിന്തുണയോടെ ഓരോ വീട്ടിലും ഒരു ദിവസമുണ്ടാവുന്ന മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനുള്ള സംവിധാനങ്ങൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ഉണ്ട്, ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കാനുള്ള ബയോബിൻ, ബയോഗ്യാസ്, ബയോ കംപോസ്റ്റർ പോട്ട് തുടങ്ങിയ സംവിധാനങ്ങൾ<br><br>വ്യാപകമായ രീതിയിൽ പ്രചരിപ്പിക്കുകയും അതിനാവശ്യമായ സബ്സിഡി തുടങ്ങിയവ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | ശുചീകരണത്തൊഴിലാളികളെയും ഹരിതകർമ്മസേനാംഗങ്ങളെയും മാലിന്യമുക്ത കേരളത്തിന്റെ മുന്നണിപ്പോരാളികളായി പ്രഖ്യാപിച്ച് മികച്ച വേതനവും സൗകര്യങ്ങളും ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (സി) | ഉണ്ട്,<br><br>ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനം യൂസർഫീസ് കളക്ഷനിൽ നിന്നാണ് പ്രധാനമായും ലഭ്യമാകുന്നത്. എല്ലാ വീടുകളും സ്ഥാപനങ്ങളും യൂസർഫീസ് യഥാ സമയം കൃത്യമായി നല്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തുന്നു. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും വാതിൽപ്പടി ശേഖരണം , വിലയുള്ള പാഴ് വസ്തുക്കളുടെ വില്പനയിൽ നിന്ന് കിട്ടുന്ന വരുമാനം എന്നിവയിലൂടെ വരുമാനം വർധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട് . |
| (ഡി) | മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി വാർഷിക പദ്ധതിയിൽ മാറ്റം വരുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഇപ്രകാരം പദ്ധതി | (ഡി) | ഉണ്ട്, 10/07/2023 ലെ സ.ഉ.(സാധാ)നം.1401/2023/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | തയ്യാറാക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം - വിവിധ വിഭവ സ്രോതസുകൾ ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് മാലിന്യസംസ്കരണത്തിനുള്ള സമഗ്രപദ്ധതികൾ തയ്യാറാക്കുന്നതിനും അവ 2023-24 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1401/2023/LSGD തീയതി,തിരുവനന്തപുരം, 10-07-2023

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ WP(C) നമ്പർ 7844 -ന്മേലുള്ള 08.03.2023, 10.03.2023, 13.03.2023 എന്നീ തീയതികളിലെ വിധിന്യായം.
2. സ.ഉ.(സാധാ) നം.989/2023/തസ്വഭവ; തീയതി 06.05.2023
3. സ.ഉ.(സാധാ) നം.1068/2023/തസ്വഭവ; തീയതി 20.05.2023
4. സ.ഉ.(സാധാ) നം.1117/2023/തസ്വഭവ; തീയതി 27.05.2023
5. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19/06/2023ൽ ചേർന്ന ക്യാമ്പയിൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം.

**ഉത്തരവ്**

സമഗ്രവും സുസ്ഥിരവുമായ മാലിന്യപരിപാലന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ 2023-24 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പരാമർശം 3 പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ ഗ്യാപ് അനാലിസിസ് വഴിയും പരാമർശം 4 പ്രകാരമുള്ള ഹരിതസഭ റിപ്പോർട്ട് വഴിയും മാലിന്യപരിപാലന മേഖലയിൽ നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മകളും വിടവുകളും കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ കണ്ടെത്തിയിട്ടുള്ള വിടവുകളും പോരായ്മകളും പരിഹരിച്ച് മാലിന്യമുക്തം നവകേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുക

എന്നതാണ് ഈ കാമ്പയിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മുഖ്യലക്ഷ്യം.

2. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനായി വാർഷികപദ്ധതിയ്ക്ക് പ്രത്യേക ഭേദഗതി അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മാലിന്യ പരിപാലന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾക്ക് ആവശ്യമായ ധനവിഭവം, നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വിവിധ കേന്ദ്ര - സംസ്ഥാന ആവിഷ്കൃത സ്കീമുകൾ/പ്രോജക്ടുകൾ എന്നിവയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗിച്ച് കൊണ്ട് വേണം മാലിന്യ പരിപാലന സംവിധാനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കാൻ. ഇത്തരം വിഭവങ്ങളുടെ വിനിയോഗ സാധ്യത സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവബോധം നല്കുന്നതിനായി ജില്ലാതലത്തിൽ മൊബൈൽ ഫെസിലിറ്റേഷൻ ടീമുകൾ രൂപീകരിക്കാൻ പരാമർശം 5 പ്രകാരം നടന്ന ക്യാമ്പയിൻ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാക്യാമ്പയിൻ സെക്രട്ടറിയേറ്റിന്റെ നേതൃത്വത്തിലുള്ള മൊബൈൽ ഫെസിലിറ്റേഷൻ ടീമിന്റെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

3. ഈ സാഹചര്യത്തിൽ പരാമർശം 2 പ്രകാരമുള്ള ഉത്തരവിന്റെ ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി ഭേദഗതി ചെയ്യുവാൻ സർക്കാർ അനുവാദം നൽകി ഉത്തരവാകുന്നു. മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി സമഗ്ര പദ്ധതികൾക്ക് രൂപം കൊടുക്കുകയും അതിന്റെ വിവിധ ഘടക പ്രവർത്തനങ്ങൾ പ്രോജക്ടുകളായി ഏറ്റെടുക്കുകയും ചെയ്യേണ്ടതാണ്. പരിഷ്കരിച്ച വാർഷിക പദ്ധതി **2023 ജൂലൈ 22-നകം** ജില്ലാ ആസൂത്രണസിമിതിക്ക് സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ സമിതികൾ **2023 ജൂലൈ 31-നകം** അംഗീകാര നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.സമഗ്രവും സുസ്ഥിരമായ മാലിന്യ സംസ്കരണ സംവിധാനം സജ്ജീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. പ്രൊജെക്ടുകൾ പരിശോധിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ജില്ലാ ആസൂത്രണ സമിതികൾ പ്രത്യേകം ഉറപ്പാക്കേണ്ടതാണ്.

a. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്യാമ്പയിൻവിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനായി തയ്യാറാക്കിയ വാർ റൂം പോർട്ടലിലെ (warroom.lsgkerala.gov.in) WM Project എന്ന ഓപ്ഷനിൽ മാലിന്യ സംസ്കരണവുമായി ബന്ധപട്ട ഗ്യാപ് അസ്സെസ്സ്മെന്റ്,

പ്രൊജക്റ്റ്കളുടെ വിവരങ്ങൾ എന്നിവ കൃത്യമായി രേഖപെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. കൂടാതെ ഈ പോർട്ടലിൽ നിന്നുള്ള റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ നിലവിൽ സമർപ്പിച്ച പ്രൊജക്റ്റ്കളുമായി താരതമ്യം ചെയ്ത് ഈ ഗ്യാപ് അസ്സെസ്സ്മെന്റിനു ആനുപാതികമായി പ്രൊജക്റ്റ്കൾ സമർപ്പിച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

b) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും സാനിട്ടറി പാഡ് ഡിസ്ട്രോയർ സ്ഥാപിക്കുന്നതിനായുള്ള പ്രൊജക്റ്റ്കൾ വച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്.

c) എല്ലാ ജില്ലകളിലെയും നഗരസഭകളിലും, ജില്ലാ കേന്ദ്രങ്ങളിലും സാനിട്ടറി പാഡ്, ബേബി ഡയപ്പർ, അഡൽറ്റ് ഡയപ്പർ എന്നിവ സംസ്കരിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് മാർഗ്ഗനിർദേശങ്ങൾ പാലിച്ചു കൊണ്ടുള്ള ഡബിൾ ചേംബർ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായുള്ള പ്രൊജക്റ്റ്കൾ (ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ സംയുകതമായോ അല്ലാതെയോ) സമർപ്പിച്ചിട്ടുണ്ട് എന്നും ഉറപ്പുവരുത്തുക.

4. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം, കേന്ദ്ര- സംസ്ഥാനാവിഷ്കൃത സ്കീമുകൾ വിവിധ ഏജൻസികളുടെ സ്കീമുകൾ/പ്രോജക്ടുകൾ തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളും സ്കീമുകളും പരമാവധി ഉൾപ്പെടുത്തുന്നതിന് മുഖ്യ പരിഗണന നൽകേണ്ടതാണ്. വികസന ഫണ്ടിന്റെ കാര്യത്തിൽ അംഗീകാരം ലഭിക്കാത്ത പ്രോജക്ടുകളും, അംഗീകാരം ലഭിച്ചുവെങ്കിലും ഈ സാമ്പത്തിക വർഷം നിർവഹണം നടത്താൻ സാധ്യതയില്ലാത്ത പ്രോജക്ടുകളും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്കും സബ്സിഡി മാനദണ്ഡങ്ങൾക്കും അനുയോജ്യമല്ലാത്ത പ്രോജക്ടുകളും ഒഴിവാക്കുന്നതിലൂടെ ലഭിക്കുന്ന തുകയും ടെണ്ടർ സേവിംഗ്സ്, പ്രോജക്ട് നടപ്പാക്കിയതിനുശേഷമുള്ള മിച്ചം തുക എന്നിവയും മേഖലാ നിബന്ധനകൾക്ക് അനുസൃതമായി മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണ്. കൂടുതൽ തുക ആവശ്യമാണെങ്കിൽ താരതമ്യേന മുൻഗണന കുറഞ്ഞ പ്രോജക്ടുകൾ ഉപേക്ഷിച്ചോ മുൻഗണന കുറഞ്ഞ പ്രോജക്ടുകളുടെ അടങ്കൽ തുക കുറവ് ചെയ്തോ വിഹിതം കണ്ടെത്തേണ്ടതാണ്. മാലിന്യ സംസ്കരണ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയാണ് നിർദ്ദിഷ്ട ഭേദഗതിയുടെ ഉദ്ദേശ്യം. എന്നാൽ നിലവിലുള്ള പ്രോജക്ടുകളിൽ അനിവാര്യ ഭേദഗതികൾ വരുത്താവുന്നതാണ്.

5. ഇപ്രകാരമുള്ള ഭേദഗതിയിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി 2023-24

വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ട പ്രോജക്ടുകളെയും അവയ്ക്കായി വിനിയോഗിക്കാവുന്ന വിവിധ ധനവിഭവ സ്രോതസ്സുകളെയും സംബന്ധിച്ച വിശദാംശങ്ങളും മാർഗ്ഗനിർദേശങ്ങളും ചുവടെ ചേർക്കുന്നു.

**6.മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായുള്ള വിവിധ ധനസ്രോതസുകൾ**

1. കേന്ദ്ര ധനകാര്യകമ്മീഷൻ വിഹിതം Basic grant &Tied Grant– എല്ലാ പഞ്ചായത്ത ുകൾക്കും
2. കേന്ദ്രധനകാര്യകമ്മീഷൻ വിഹിതം (Non - Million Plus Cities Basic Grant– NMPC ) & Tied Grant - മലപ്പുറം ഒഴികെയുള്ള എല്ലാ മുനിസിപ്പാലിറ്റികൾക്കും
3. കേന്ദ്ര ധനകാര്യകമ്മീഷൻ - നഗരസഞ്ജയഗ്രാൻറ് (Million Plus Cities (MPC) Tied Grant) - നഗര സഞ്ചയ പ്രദേശത്തിന്
4. സ്വച്ഛ്ഭാരത് - ഗ്രാമീൺ & അർബൻ.
5. ശുചിത്വകേരളം
6. അമൃത്, സ്മാർട്ട്സിറ്റി , കിഫ്ബി, റീബിൽഡ് കേരള തുടങ്ങിയ പദ്ധതികൾ പ്രകാരം ലഭിക്കുന്ന തുക
7. വികസനഫണ്ട്
8. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്- ഘടകസ്ഥാപനങ്ങളിലെ മാലിന്യപരിപാലനം, ശൗചാലയങ്ങളുടെ പരിപാലനം, അപകടകരമായ മാലിന്യങ്ങൾ കയ്യോഴിക്കൽ, അംഗനവാടികളിൽ ശിശു സൗഹൃദ ടോയ്ലറ്റുകൾ)
9. കേരള ഖരമാലിന്യ പരി
10. പാലന പദ്ധതിവിഹിതം (KSWMP) - നഗരസഭകൾക്ക് മാത്രം
11. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
12. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി
13. തനത്ഫണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ)
14. സി.എസ്. ആർ. ഫണ്ട്
15. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി സ്ഥാപനങ്ങൾ/ പൊതുജനങ്ങളിൽ നിന്നും സംഭാവനയായി ലഭിക്കുന്ന തുക.
16. ദേശീയ ആരോഗ്യ ദൗത്യം (NHM)

17. എം.എൽ.എ ഫണ്ട്
18. എം.പി ഫണ്ട്
19. ശബരിമല സ്പെഷ്യൽ ഗ്രാന്റ്

**7. 'മാലിന്യമുക്തം നവകേരളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കേണ്ട പ്രോജക്ടുകളുടെ വിവരങ്ങൾ**

| I. | മാലിന്യം ഉറവിടത്തിൽ തരംതിരിക്കൽ | |
|---|---|---|
| | **ഏറ്റെടുക്കേണ്ട പദ്ധതിയുടെ വിവരങ്ങൾ** | **പദ്ധതി നിർവഹണത്തിനായി ഉപയോഗിക്കാവുന്ന വിഭവസ്രോതസ്സുകൾ** |
| 1 | മാലിന്യ സംസ്കരണവുമായി ബന്ധപെട്ട ബഹുജനവിദ്യാഭ്യാസ പരിപാടി, ക്യാമ്പയിൻ സംഘാടനം, പ്രചരണം, ജനകീയ ഓഡിറ്റ്, ഹരിതസഭ, മാലിന്യ പരിപാലന ശിൽപ്പശാല, റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന ചിലവുകൾ | SBM, NHM (വാർഡുതല ശുചിത്വ ആരോഗ്യപോഷണ സമിതിയ്ക്ക് നൽകുന്നത്), തനത്ഫണ്ട്, വികസനഫണ്ട് |
| 2 | ഗാർഹിക തലത്തിൽ മാലിന്യം തരംതിരിച്ച് സൂക്ഷിക്കാനുള്ള ഉപാധികൾ ലഭ്യമാക്കൽ (ബാസ്കറ്റ്കൾ, സഞ്ചികൾ) | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട് |

| II. | അജൈവമാലിന്യം – 100 % വാതിൽപ്പടി ശേഖരണം |
|---|---|

| | **പ്രോജക്ടുകൾ** | **വിഭവസ്രോതസ്സുകൾ** |
|---|---|---|
| 1 | ഹരിത കർമ്മസേന അംഗങ്ങളെ നിയോഗിക്കലും പരിശീലനവും | ശുചിത്വമിഷൻ, KSWMP, കില, കുടുംബശ്രീയുടെ പരിശീലന പദ്ധതിയിൽ ഉൾപെടുത്തൽ |
| 2 | യൂണിഫോം, സുരക്ഷാഉപകരണങ്ങൾ, PPE കിറ്റ് | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്-ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, സ്പോൺസർഷിപ്പ്. |
| 3 | പരിരക്ഷാഇൻഷ്വറൻസ് | കുടുംബശ്രീ ഇൻഷ്വറൻസ്സ്കീം |
| | | |

| **III. Mini MCF/ MCF നിർമ്മാണവും വിപുലീകരണവും** | |
|---|---|
| | |
| പ്രൊജക്റ്റ് | വിഭവ സ്രോതസ്സുകൾ |
| Mini MCF | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ |

| | |
|---|---|
| | ബേസിക്ഗ്രാന്റ്/ ടൈഡ്ഗ്രാന്റ്, പതിനഞ്ചാംധനകാര്യ കമ്മീഷൻ നഗര സഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ & അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, വികസനഫണ്ട്, അയ്യങ്കാളി നഗരതൊഴിലുറപ്പ്പദ്ധതി, MGNREGS |
| MCF പുതിയവയുടെ നിർമ്മാണവും നിലവിലുള്ളവയുടെ വിപുലീകരണവും<br><br>ഉണ്ടാവേണ്ട സൗകര്യങ്ങൾ<br><br>• മതിയായസ്ഥലം<br>• അടച്ചുറപ്പുള്ളകെട്ടിടം<br>• സോർട്ടിംഗ് ടേബിൾ/സെമിഓട്ടോമെറ്റഡ് കൺവെയർ ബെൽറ്റ്/ കൺവെയർ ബെൽറ്റ്<br>• കസേരകൾ<br>• വൈദ്യുതി<br>• ഓഫീസ് സംവിധാനം<br>• ടോയ് ലെറ്റ്<br>• കുടിവെള്ളം<br>• ചെയ്ഞ്ചിംഗ് റൂം<br>• വാഹനം എത്താനുള്ള സൗകര്യം<br>• അഗ്നിസുരക്ഷാ ഉപകരണങ്ങൾ<br>• തരംതിരിച്ച മാലിന്യങ്ങൾ സംഭരിച്ചു വയ്ക്കുന്നതിനുള്ള സ്ഥലസൗകര്യം<br>• ശേഖരിച്ച മാലിന്യങ്ങൾ എത്തിക്കാനുള്ള | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം ഫണ്ട്, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി.എസ്.ആർ. ഫണ്ട്, സ്പോൺസർഷിപ്പ്, എം. എൽ. എ ഫണ്ട് , എം.പി. ഫണ്ട്. |

| | |
|---|---|
| സംവിധാനങ്ങൾ (ഇ-ഓട്ടോ, ട്രോളി, ഇ-സൈക്കിൾ മുതലായവ)<br>• വെയിംഗ് മെഷീൻ | |

| IV. RRF — പുതിയവയുടെ നിർമ്മാണവും നിലവിലുള്ളവയുടെ വിപുലീകരണവും | |
|---|---|
| RRF | **വിഭവസ്രോതസ്സുകൾ:** |
| <u>ഉണ്ടാവേണ്ട സൗകര്യങ്ങൾ</u><br>• കൺവേയർ ബെൽറ്റ്<br>• ബെയ്‌ലിങ്ങ് മെഷീൻ<br>. Shredding മെഷീൻ<br>. ഡിഡസ്റ്റിംഗ് മെഷീൻ<br>• മതിയായ സ്ഥലം<br>• അടച്ചുറപ്പുള്ള കെട്ടിടം<br>• സോർട്ടിംഗ് ടേബിൾ<br>• കസേരകൾ<br>• വൈദ്യുതി<br>• ഓഫീസ് സംവിധാനം<br>• ടോയ് ലെറ്റ്<br>• കുടിവെള്ളം<br>• ചെയ്ഞ്ചിംഗ് റൂം<br>• വാഹനം എത്താനുള്ള സൗകര്യം<br>• അഗ്നിസുരക്ഷാ ഉപകരണങ്ങൾ<br>• ശേഖരിച്ച മാലിന്യങ്ങൾ എത്തിക്കാനുള്ള സംവിധാനങ്ങൾ (ഇ-ഓട്ടോ<br>, ട്രോളി, ഇ-സൈക്കിൾ മുതലായവ)<br>• വെയിംഗ് മെഷീൻ | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, സ്പോൺസർഷിപ്പ്, MGNREGS, എം.എൽ.എ ഫണ്ട്. |

| V. മാലിന്യ നീക്കംചെയ്യുന്നതിനുള്ള വാഹനസൗകര്യം ഒരുക്കുന്നതിന് | | |
|---|---|---|
| | **പ്രൊജക്ടുകൾ** | **വിഭവസ്രോതസ്സുകൾ** |
| 1 | മാലിന്യം നീക്കം ചെയ്യുന്നതിനായുള്ള ചെറുവാഹനങ്ങൾ വാങ്ങൽ (ഇ-ഓട്ടോ, ട്രോളി, ഇ-സൈക്കിൾ, പുഷ്കാർട്ട്, ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ etc.) | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്-ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്. |
| 2 | RRF ലേക്കുള്ള വലിയവാഹനങ്ങൾ വാങ്ങൽ | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട് |
| 2 | ഹരിത കർമ്മസേനാ അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം | കുടുംബശ്രീ നൈപുണ്യവികസന പരിപാടിയിൽ ഉൾപ്പെടുത്തൽ, വികസനഫണ്ട്, തനത് ഫണ്ട് |
| 3 | ഹരിത മിത്രം ആപ്പ് 100% സേവനം ലഭ്യമാക്കൽ | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട് |
| | | |

| | | |
|---|---|---|
| 4 | ലെഗസി വേസ്റ്റ് കൈമാറൽ | വികസനഫണ്ട്, ശുചിത്വകേരളം, തനത്ഫണ്ട് |
| 5 | യൂസർ ഫീയിൽ നിന്ന് ഇളവു നൽകിയിരിക്കുന്ന വീടുകൾക്ക് വേണ്ടിയുള്ള പ്രൊജക്റ്റ് | വികസനഫണ്ട്, തനത്ഫണ്ട്, വിവിധ സംഭാവനകൾ |

**VI. ജൈവമാലിന്യം – 100 % ഉറവിടത്തിൽ സംസ്കരിക്കൽ**

| | പ്രൊജക്ടുകൾ | വിഭവ സ്രോതസ്സുകൾ |
|---|---|---|
| 1. | ഗാർഹിക മാലിന്യ സംസ്കരണ ഉപ ാധികൾ | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ ടൈഡ് ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ് ഭാരത് മിഷൻ (അർബൻ) ഫ േസ്-1, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട് |
| 2. | കമ്പോസ്റ്റ് പിറ്റ് (മേൽക്കൂരയുള്ളത്) | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ് ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക്മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്,MGNREGS, AUEGS, |
| | | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്/ടൈഡ് ഗ്രാന്റ് |

| | | |
|---|---|---|
| | കമ്പോസ്റ്റ് പിറ്റ് (മേൽക്കൂരയുള്ളത്)- സർക്കാർ സ്ഥാപനങ്ങളിൽ | , MGNREGS, സ്വച്ഛ് ഭാരത്- ഗ്രാമീൺ & അർബൻ, ശുചിത്വ കേരളം, AUEGS, KSWMP (നഗരസഭകൾക്ക് മാത്രം), പതിനഞ്ചാം ധനകാര്യ കമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്,വികസന ഫണ്ട് |
| | കമ്പോസ്റ്റ് പിറ്റ് (മേൽക്കൂരയുള്ളത്)- വ്യക്തിഗതം | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്/ടൈഡ് ഗ്രാന്റ് , MGNREGS, AUEGS, KSWMP (നഗരസഭകൾക്ക് മാത്രം), പതിനഞ്ചാം ധനകാര്യ കമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്,വികസന ഫണ്ട് |
| 3. | സോക്പിറ്റ് | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ് ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക്മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, MGNREGS, AUEGS |
| 4. | സ്ഥാപനതലജൈവമാലിന്യസംസ്കരണസംവിധാനം – തുമ്പൂർ മുഴി, ബയോഗ്യാസ്പ്ലാന്റ്, ബയോബിൻ, സാനിട്ടറി പാഡ് ഡിസ്ട്രോയർ തുടങ്ങിയവ | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ ടൈഡ് ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്- KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ . ഫണ്ട്, MGNREGS (തുമ്പൂർ മുഴി, ദീനബന്ധുമോഡൽ ബയോഗ്യാസ് എന്നിവ മാത്രം പൊതുസ്ഥാപനങ്ങളിൽ), AUEGS. |
| | | |

| | | |
|---|---|---|
| 5. | കമ്യൂണിറ്റി തല ജൈവമാലിന്യ സംസ്കരണസംവിധാനം (മാർക്കറ്റുകൾ, ജനവാസമേഖലകൾ etc.) – തുമ്പൂർ മുഴി, ബയോഗ്യാസ്പ്ലാന്റ്, ബയോബിൻ, സാനിട്ടറി പാഡ് ഡിസ്ട്രോയർ തുടങ്ങിയവ | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ ടൈഡ് ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ് ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, MGNREGS (തുമ്പൂർ മുഴി, ദീനബന്ധുമോഡൽ ബയോഗ്യാസ് എന്നിവ മാത്രം പൊതുസ്ഥാപനങ്ങളിൽ), AUEGS. |
| 6. | സ്ലോട്ടർ ഹൌസുകൾ | വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, KIIFB |
| 7. | കക്കൂസ് മാലിന്യ/ ദ്രവമാലിന്യ സംസ്കരണയൂണിറ്റുകൾ (ഗ്രാമ/ബ്ലോക്ക്/ നഗരസഭ തലങ്ങളിൽ) | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ ടൈഡ് ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട് |

| **VII.** | **മാലിന്യക്കൂനകൾ ഇല്ലാത്ത വൃത്തിയുള്ള പൊതുഇടങ്ങൾ** | |
|---|---|---|
| | പ്രൊജക്ടുകൾ | വിഭവസ്രോതസ്സുകൾ |
| 1. | മാലിന്യക്കൂനകൾ നീക്കി ഉദ്യാനവത്കരണം | AUEGS, തനത്ഫണ്ട്, CSR ഫണ്ട് |
| 2. | ബയോമൈനിംഗ് (ലെഗസി വേസ്റ്റ് നീക്കംചെയ്യൽ) | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ |

| | | |
|---|---|---|
| | | ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ്ഭാരത്- അർബൻ, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക്മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട് |
| 3. | തെരുവോരങ്ങളിലെ മാലിന്യകൂനകൾ നീക്കംചെയ്യൽ | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, അയ്യങ്കാളി നഗരതൊഴിലുറപ്പ പദ്ധതി, സന്നദ്ധപ്രവർത്തനം, സ്പോൺസർഷിപ്പ്. |
| 4. | പൊതുഇടങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിക്കൽ | വികസനഫണ്ട്- സാധാരണവിഹിതം, തനത്ഫണ്ട്, CSR, സ്പോൺസർഷിപ്പ്, ശുചിത്വകേരളംഫണ്ട്. |

| VIII. | ജലാശയങ്ങളിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കൽ | |
|---|---|---|
| | പ്രൊജക്ടുകൾ | വിഭവ സ്രോതസ്സുകൾ |
| 1 | ജലാശയങ്ങളുടെ ശുചീകരണവും പുനരുദ്ധാരണവും | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, AUEGS, MNREGS (സമഗ്രപദ്ധതിയുടെ അടിസ്ഥാനത്തിൽ മാത്രം), സന്നദ്ധപ്രവർത്തനം, |

| | | |
|---|---|---|
| | | സ്പോൺസർഷിപ്പ്. |
| 2 | Retrofiting of two pit latrins | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, MGNREGS, വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട് |
| 3 | സിന്തറ്റിക് സെപ്റ്റിക്ക് ടാങ്ക് വിതരണം | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട് |

| **IX. മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ** | | |
|---|---|---|
| | **പ്രൊജക്ടുകൾ** | **വിഭവസ്രോതസ്സുകൾ** |
| 1. | മെൻസ്ട്രുവൽ കപ്പ് | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, വികസനഫണ്ട്, തനത്ഫണ്ട്, സി. |

| | | |
|---|---|---|
| | | എസ്.ആർ. ഫണ്ട്, സ്പോൺസർഷിപ്പ് |
| 2. | ഗ്രീൻ ഇവന്റ് മാനെജ്മെന്റ് ഗ്രൂപ്പ് | കുടുംബശ്രീ സംരംഭ വികസന പദ്ധതിയിൽ ഉൾപ്പെടുത്താം, വികസനഫണ്ട്, തനത്ഫണ്ട്, |
| 3. | ബദൽ ഉത്പന്ന നിർമ്മാണയൂണിറ്റുകൾ | കുടുംബശ്രീ സംരംഭവികസന പദ്ധതിയിൽ ഉൾപ്പെടുത്താം, വികസനഫണ്ട്, തനത്ഫണ്ട്, |
| 4. | സ്വാപ്പ്ഷോപ്പ് | കുടുംബശ്രീ സംരംഭ വികസനപദ്ധതിയിൽ ഉൾപ്പെടുത്താം, വികസനഫണ്ട്, തനത്ഫണ്ട് |
| 5. | സാനിട്ടറി കോംപ്ലക്സ് സംരംഭകയൂണിറ്റ് | കുടുംബശ്രീ സംരംഭവികസന പദ്ധതിയിൽ ഉൾപ്പെടുത്താം, വികസനഫണ്ട് - സാധാരണവിഹിതം, തനത്ഫണ്ട്, |

| X **സവിശേഷപ്രോജക്റ്റ്** | | |
|---|---|---|
| | **പ്രൊജക്റ്റുകൾ** | **വിഭവസ്രോതസ്സുകൾ** |
| 1. | ഗ്രീൻ പാർക്ക്<br><br>കൺസ്ട്രക്ഷൻ ആൻഡ് ഡിമോളിഷൻ വേസ്റ്റ് ഗ്ലാസ്വേസ്റ്റ്, മനുഷ്യ കേശ വേസ്റ്റ്, ലിക്വിഡ് വേസ്റ്റ് , സാനിട്ടറി വേസ്റ്റ് എന്നിവയെല്ലാം സംസ്കരിയ്ക്കുന്നതിനായി ഒരു കോമ്പൗണ്ടിൽ വിവിധ | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ്/ടൈഡ് ഗ്രാന്റ്, പതിനഞ്ചാം |

| | | |
|---|---|---|
| | സംരംഭങ്ങൾ ഉൾക്കൊള്ളുന്ന ഗ്രീൻ പാർക്കുകൾ കോർപ്പറേഷൻ/ഗ്രാമ/ബ്ലോക്ക്/ജില്ലപഞ്ചായാത്തുകൾക്ക് സംയുക്തപ്രോജക്ടുകളായും ഏറ്റെടുക്കാം) | ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ & അർബൻ, ശുചിത്വകേരളം, വികസനഫണ്ട്- സാധാരണ വിഹിതം, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട് |

| XI ദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾ | | |
|---|---|---|
| | **പ്രോജക്ടുകൾ** | **വിഭവസ്രോതസ്സുകൾ** |
| 1 | FSTP പ്ലാൻറ് സ്ഥാപിക്കൽ, പ്ലാന്റിന് ആയുള്ള സ്ഥലം ഏറ്റെടുക്കൽ | വികസനഫണ്ട്- സാധാരണവിഹിതം, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, എം.എൽ.എ ഫണ്ട്, എം.പി. ഫണ്ട്. |
| 2 | FSTP പ്ലാൻറ് സ്ഥാപിക്കൽ | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരതമിഷൻ ഗ്രാമീൺ, ശുചിത്വകേരളം, വികസനഫണ്ട്- സാധാരണവിഹിതം, തനത്ഫണ്ട്, |

| | | |
|---|---|---|
| | | സി. എസ്.ആർ. ഫണ്ട് |
| 3 | ഡ്രൈനേജ് മാൻഹോൾ എന്നിവയുടെ ക്ലീനിംഗ് ഡിസ്ലഡ്ജിംഗ് തുടങ്ങിയ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനയുള്ള പ്രൊജക്ട്, ഇത്തരം ദ്രവമാലിന്യ ശുചീകരണപ്രവർത്തനങ്ങൾ "No touch" ആക്കുന്നതിനായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള പ്രൊജക്ടുകൾ. | പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരതമിഷൻ ഗ്രാമീൺ, ശുചിത്വകേരളം, വികസനഫണ്ട്-സാധാരണവിഹിതം, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട് |

വെളിയിടവിസർജ്ജനമുക്ത (ODF) കാമ്പയിന്റെ സമയത്ത് വിട്ടുപോയ വീടുകൾക്കും (ലൈഫ് ടോയ്ലറ്റ് ഉൾപ്പെടെ - ലൈഫിൽ വീട് നിർമ്മാണത്തിന് അനുവദിക്കപ്പെട്ട് ധനസഹായത്തിന് ഉപരിയായി) സെപ്റ്റിക്ക് ടാങ്ക്/ ഇരട്ടക്കുഴി ( twin pit) ആണ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടതിന്റെ (ഫോട്ടോഫയൽ സൂക്ഷിക്കണം) അടിസ്ഥാനത്തിൽ പുതിയ ടോയിലറ്റ് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകാം. BPL/identified APL വിഭാഗത്തിൽ ഉള്ളവർക്ക് മാത്രമാണ് ഈ ആനുകൂല്യം നൽകേണ്ടത്. ടോയിലറ്റിനൊപ്പം സെപ്റ്റിക്ക് ടാങ്ക് വാങ്ങിവെയ്ക്കുകയോ, നിർമ്മിക്കുകയോ ചെയ്തിട്ടുള്ളവർക്ക് 30000 രൂപയും, ഇരട്ടക്കുഴികക്കൂസ് (twin pit) ചെയ്തിട്ടുള്ളവർക്ക് 20000 രൂപയും (SBM വിഹിതംഉൾപ്പെടെ ) ആണ് നൽകേണ്ടത്. ടോയിലറ്റ് നിർമ്മിക്കുമ്പോൾ ഒറ്റക്കുഴി കക്കൂസ് (single pit) ചെയ്തിട്ടുള്ളവർക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

റിട്രോഫിറ്റിങ്ങിന്റെ ഭാഗമായി നിലവിലുള്ള ഒറ്റക്കുഴിക്ക് പകരമായി സെപ്റ്റിക്ക് ടാങ്ക് വാങ്ങി വെയ്ക്കുയോ ചെയ്യുന്നവർക്ക് 20000/- രൂപയും, (twin pit) ചെയ്യുന്നവർക്ക് 10000/- രൂപയും നൽകാവുന്നതാണ്.

ആവശ്യകതയുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലങ്ങളിലും വായനശാല / ലൈബ്രറികളോട് അനുബന്ധിച്ചും സവിശേഷമായ പ്രാധാന്യമുള്ള ആരാധനാലയങ്ങളോട്

അനുബന്ധിച്ചും വിനോദസഞ്ചാര കേന്ദ്രങ്ങളിലും ടേക്ക് എ ബ്രേക്ക് ടോയ്റ്റ് ഉൾപ്പെടെ സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം ഫിനാൻസ് കമ്മീഷന് ഗ്രാന്റ് , സ്വച്ഛ് ഭാരത് മിഷൻ (ഗ്രമീൺ& അർബൻ), ശുചിത്വകേരളം തനത്, വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാവുന്നതാണ്. ആരാധനാലയങ്ങളോട് അനുബന്ധമായി പബ്ലിക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനും കുറഞ്ഞത് 10 വർഷത്തേയ്ക്ക് ഈ ആവശ്യത്തിന് ഉപയോഗിക്കുവാനും അനുവാദം ലഭ്യമാക്കുന്ന എന്ന കരാറിൽ തദ്ദേശ സ്ഥാപനം ആരാധനാലയവുമായി ഏർപ്പെടേണ്ടതാണ്.

നിലവിൽ ലഭ്യമായ ഫണ്ട് സ്രോതസ്സുകളാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്കും, അതത് കാലത്തെ സർക്കാർ ഉത്തരവുകൾക്കും, വിധേയമായി വേണം ശുചിത്വ - മാലിന്യ സംസ്കരണപ്രവർത്തനങ്ങൾക്ക് ഫണ്ട് പ്രൊജക്റ്റ്കൾക്കായി വിനിയോഗിക്കേണ്ടത്. കേന്ദ്രാവിഷ്കൃതപദ്ധതികൾ പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി, നിർവഹണം നടത്തുമ്പോൾ കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. KSWMP പ്രൊജക്റ്റ് നിർവഹണത്തിനായി പുറത്തിറക്കിയ മാർഗനിർദേശങ്ങൾ പ്രകാരം ആയിരിക്കണം ഇതിലേക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

**8. വിവിധ ധന വിഭവ സ്രോതസ്സുകൾ അവയിൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ**

**8.1 ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ:**

I . ഹരിത കർമ്മസേനകൾക്ക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് വാഹനങ്ങൾ വാങ്ങി നൽകുന്നതിനോ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനോ വേണ്ട പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

II. വയബിലിറ്റി ഗ്യാപ് ഫണ്ട് : (VGF) അനുവദിക്കണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി വി.ജി.എഫ് നൽകാവുന്നതാണ്.

a. 2023 ജൂൺ 30-ന് ഒരു വർഷം ആകാത്ത ഹരിത കർമ്മ സേനകൾക്ക് വാതിൽപ്പടി ശേഖരണം ആരംഭിച്ച തീയതി മുതൽ പരമാവധി ഒരു വർഷം വരെ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്. ഈ കാലയളവിനുള്ളിൽ ഹരിത കർമ്മ സേനകളുടെ പ്രവർത്തനവും വാതിൽപ്പടി സേവനവും കാര്യക്ഷമമാക്കുകയും വരുമാനം സ്ഥായിയാക്കുകയും വേണം.

b. പുതുതായി രൂപീകരിക്കുന്ന ഹരിതകർമ്മസേനകൾക്ക് വാതിൽപ്പടി ശേഖരണം ആരംഭിക്കുന്ന തീയതി മുതൽ ഒരു വർഷം വരെ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്. സ.ഉ.(സാധാ) നം. 1250/2021/തസ്വഭവ തീയതി 02.07.2021ൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമായിരിക്കണം. വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കേണ്ടത്.

c. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അന്നപൂർണ്ണ അന്ത്യോദയ, ആശ്രയ, അതിദരിദ്രരുടെ പട്ടികയിൽപെട്ടവർ എന്നീ കുടുംബങ്ങൾക്ക് യുസർ ഫീ നൽകുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാനിൽ ചേർക്കാവുന്നതാണ്. ഇത്തരത്തിൽ യൂസർഫീസിൽ ഇളവ് അനുവദിക്കുന്നത് മൂലം ഹരിതകർമ സേനയുടെ വരുമാനത്തിലുള്ള വിടവ് നികത്തുന്നതിനു വേണ്ടി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കാവുന്നതാണ്.

III. സുരക്ഷാ ഉപകരണങ്ങൾ, യൂണിഫോം, ഗംബൂട്ട്, കൈയുറ, ഫേസ് മാസ്ക്, മാലിന്യം വീടുകളിൽ നിന്ന് ശേഖരിക്കുന്നതിനാവശ്യമായ പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകാവുന്നതാണ്.

IV. ഡിജിറ്റൽ മോണിറ്ററിംഗിനാവശ്യമായ സ്മാർട്ട് ഫോൺ,ഈ പോസ് ഉപകരണം എന്നിവ വാങ്ങി നൽകാവുന്നതാണ്.

V . ഹരിത കർമസേനയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമാണ് എന്ന് തദ്ദേശ സ്വയംഭരണ സമിതികൾ തീരുമാനിക്കുന്ന ഉപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന തുക കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിൽ (ടൈഡ് ഗ്രാന്റ്, അൺടൈഡ് ഗ്രാന്റ്, നഗരസഞ്ചയ ഗ്രാന്റ്) നിന്ന് കണ്ടെത്തുന്നതിന് പരമാവധി ശ്രമിക്കേണ്ടതാണ്.

### 8.2 സഫായി മിത്ര സുരക്ഷ

Prohibition of Employment as Manual scavengers and Their Rehabilitation Act 2013 (MS Act 2013 ) പ്രകാരം മാനുവൽ സ്കാവെന്ജിംഗ് നിരോധിച്ചിട്ടുണ്ട്. കൂടാതെ മേൽ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ചുമതലകൾ നിർവഹിക്കേണ്ടത് തദ്ദേശ സ്ഥാപങ്ങളുടെ നിയമപരമായ ഉത്തരവാദിത്തം ആകയാൽ ഡ്രൈനേജുകൾ, സീവർ ലൈനുകൾ, സെപ്റ്റിക്ക് ടാങ്കുകൾ, എന്നിവ വൃത്തിയാക്കുന്ന തൊഴിലാളികൾക്ക് ആവശ്യമായ PPE കിറ്റുകൾ, സുരക്ഷാ

ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകുന്നതും, സീവർ ഇൻസ്പെക്ഷൻ ക്യാമറകൾ, ഹൈഡ്രോവാക് ജെട്സ്, തുടങ്ങിയവ സ്ഥാപിക്കുന്നതിനും STP / FSTP സ്ഥാപിച്ചിട്ടുള്ള നഗരസഭകൾ /പഞ്ചായത്തുകൾ ഗ്രേ & ബ്ലാക്ക് വാട്ടർ, ഫീക്കൽ സ്ലഡ്ജ് എന്നിവ നീക്കം ചെയ്യുമ്പോൾ അതിനാവശ്യമായ ഡീസ്ലഡ്ജിംഗ് വാഹനങ്ങൾ/ടാങ്കറുകൾ എന്നിവ വാങ്ങുന്നതിനാവശ്യമായ പദ്ധതികളും 2023-24 സാമ്പത്തിക വർഷത്തെ റിവിഷൻ പ്രോജെക്റ്റുകളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. തദ്ദേശ സ്ഥാപനത്തിന് ആവശ്യമായ ഉപകരണങ്ങൾ ഏതൊക്കെയെന്ന് ജില്ലാ ശുചിത്വ മിഷനുമായി ചർച്ച ചെയ്തു തീരുമാനമെടുക്കേണ്ടതാണ്. വിശദമായ ലിസ്റ്റ് Swachh Sarvekshan Toolkit 2023 - ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**8.3 സ്വച്ഛ് ഭാരത് ഗ്രാമീൺ പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ**

1. വ്യക്തിഗത ഗാർഹിക കക്കൂസുകളുടെ നിർമാണം. നിശ്ചയിക്കപ്പെട്ടിട്ടുള്ള ഭൗതിക ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ SBM ഗ്രാമീൺ /CFC ഗ്രാന്റ് / വികസന ഫണ്ട് / തനതു ഫണ്ട് / CSR ഫണ്ട് എന്നിവ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്.

2. സാമൂഹിക ശുചിത്വ സമുച്ചയം - 3 ലക്ഷം രൂപ യൂണിറ്റ് നിരക്കിൽ ( SBM ഗ്രാമീൺ 2.10 ലക്ഷം, /CFC ഗ്രാന്റ് 0.090 ലക്ഷം) എന്നിവ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്. അധികമായി തുക ആവശ്യമുള്ള പക്ഷം വികസന ഫണ്ട് / തനതു ഫണ്ട് / CSR ഫണ്ട്, ശുചിത്വകേരളം റ്ററൽ എന്നിവ കൂടി ഉപയോഗപ്പെടുത്തേണ്ടതാണ്..

3. ഖര മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ നിർമാണം -

a) 5000 വരെ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ 60 രൂപ പ്രതിശീർഷ ചെലവിൽ SBM ഗ്രാമീൺ- 42 രൂപ /CFC ഗ്രാന്റ് - 18 രൂപ വീതം വകയിരുത്തി ഖര മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ നിർമാണത്തിന് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

b) 5000 മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ 45 രൂപ പ്രതിശീർഷ ചെലവിൽ SBM ഗ്രാമീൺ-31.5 രൂപ /CFC ഗ്രാന്റ് - 13 .5 രൂപ വീതം വകയിരുത്തി ഖര മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ നിർമാണത്തിന് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

4. ദ്രവ മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ നിർമാണം (ഗ്രേ വാട്ടർ മാനേജ്മെന്റ്)-

a. 5000 വരെ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ 280 രൂപ പ്രതിശീർഷ ചെലവിൽ SBM ഗ്രാമീൺ-196 രൂപ /CFC ഗ്രാന്റ് - 84 രൂപ വീതം വകയിരുത്തി ദ്രവ മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ നിർമാണത്തിന് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

b. 5000 മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ 660 രൂപ പ്രതിശീർഷ ചെലവിൽ SBM ഗ്രാമീൺ- 462 രൂപ / CFC ഗ്രാന്റ് - 198 രൂപ വീതം വകയിരുത്തി ദ്രവ മാലിന്യ സംസ്കരണത്തിന് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്

5. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മന്റ് യൂണിറ്റ് (RRF) -

ഒരു ബ്ലോക്കിൽ ഒന്ന് വീതം SBM ഗ്രാമീൺ വിഹിതം 16 ലക്ഷം രൂപ വരെ വകയിരുത്തി പദ്ധതി ഏറ്റെടുക്കാവുന്നതാണ്

6. ഗോബർദ്ധൻ പദ്ധതി - ജൈവമാലിന്യം ബയോ ഗ്യാസും കമ്പോസ്റ്റും ആക്കി മാറ്റുന്നതിന് ഒരു ജില്ലയിൽ പരമാവധി 50 ലക്ഷം രൂപ വരെ ചിലവിൽ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

വ്യക്തിഗത യൂണിറ്റുകളും കമ്മ്യൂണിറ്റി തല യൂണിറ്റുകളും വില്ലേജ്/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ ഏറ്റെടുക്കാവുന്നതാണ് .

7. ഫീക്കൽ സ്ലഡ്ജ് മാനേജ്മന്റ് സംവിധാനങ്ങൾ (കക്കൂസ് മാലിന്യ സംസ്കരണം)-

ജനസംഖ്യ അടിസ്ഥാനത്തിൽ പ്രതിശീർഷം 230 രൂപ കണക്കാക്കി SBM ഗ്രാമീൺ ഫണ്ട് ഉപയോഗിച്ച് ഫീക്കൽ സ്ലഡ്ജ് മാനേജ്മന്റ് സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

**8.4 സ്വച്ഛ് ഭാരത് (അർബൻ) പ്രകാരം ഏറ്റെടുക്കാവുന്ന പദ്ധതികൾ**

1. ഖര മാലിന്യ സംസ്കരണം

A. കമ്പോസ്റ്റിംഗ് പ്ലാന്റുകൾ സ്ഥാപനതതലത്തിലും സാമൂഹിക തലത്തിലും സ്ഥാപിക്കുക - പ്രതിദിനം ഒരു ടൺ ശേഷിയുള്ള പ്ലാന്റിന് പരമാവധി 11.5 ലക്ഷം രൂപ നിരക്കിൽ SBM (U) ഫണ്ട് വിനിയോഗിക്കാവുന്നതാണ്. 11.5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന ചിലവുകൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം/ വികസന ഫണ്ട്/ശുചിത്വ കേരളം അർബൻ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

B. ബയോ മേത്തനഷൻ (ബയോ ഗ്യാസ്) പ്ലാന്റുകൾ സ്ഥാപന തലത്തിലും സാമൂഹിക തലത്തിലും സ്ഥാപിക്കുക- 20 ടൺ പ്രതിദിന ശേഷി വരെയുള്ള പ്ലാന്റുകൾക്ക് 11. 5 ലക്ഷം രൂപ/TPD നിരക്കിൽ SBM (U) ഫണ്ട് വിനിയോഗിക്കാവുന്നതാണ്. 11.5 ലക്ഷം രൂപയ്ക്കു മുകളിൽ വരുന്ന ചിലവുകൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം/ വികസന ഫണ്ട്/ശുചിത്വ കേരളം അർബൻ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ്. 20 ടൺ പ്രതിദിന ശേഷിക്ക് മുകളിലുള്ള പ്ലാന്റുകൾക്ക് 1 8 ലക്ഷം രൂപ/ T P D നിരക്കിൽ SBM (U) ഫണ്ട് വിനിയോഗിക്കാവുന്നതാണ്. 18 ലക്ഷം രൂപയ്ക്കു മുകളിൽ വരുന്ന ചിലവുകൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം/ വികസന ഫണ്ട്/ശുചിത്വ കേരളം അർബൻ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

C. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളുടെ നിർമാണം- പ്രതിദിനം ഒരു ടൺ ശേഷിയുള്ള പ്ലാന്റിന് പരമാവധി 8 .5 ലക്ഷം രൂപ നിരക്കിൽ SBM (U) ഫണ്ട് വിനിയോഗിക്കാവുന്നതാണ്. 8 .5 ലക്ഷം രൂപയ്ക്കു മുകളിൽ വരുന്ന ചിലവുകൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം/വികസന ഫണ്ട്/ശുചിത്വ കേരളം അർബൻ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ്. ബെയ്‌ലിങ് സംവിധാനം പ്ലാന്റിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

D. ലെഗസി വേസ്റ്റ് ഡമ്പ് സൈറ്റ് റെമീഡിയഷൻ- ബയോ മൈനിങ് ബയോ റെമീഡിയഷൻ പ്രക്രിയ കളിലൂടെ ലെഗസി വേസ്റ്റുകൾ ഒഴിവാക്കുന്നതിന് ടണ്ണിന് പരമാവധി 5 5 0 രൂപ നിരക്കിൽ SBM (U) ഫണ്ട് വിനിയോഗിച്ച പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. ടണ്ണിന് 550 രൂപയ്ക്കു മുകളിൽ വരുന്ന ചിലവുകൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം/ വികസന ഫണ്ട്/ശുചിത്വ കേരളം അർബൻ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

E. കെട്ടിട മാലിന്യ സംസ്കരണ പ്ലാന്റുകൾ- 5 ലക്ഷത്തിനു മുകളിൽ ജനസംഖ്യയുള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിൽ പ്രതിദിനം ഒരു ടൺ ശേഷിയുള്ള പ്ലാന്റിന് പരമാവധി 6 ലക്ഷം രൂപ നിരക്കിൽ SBM (U) ഫണ്ട് വിനിയോഗിക്കാവുന്നതാണ്

F. പൊതു തെരുവുകൾ ശുത്തു വൃത്തിയാക്കുന്നതിനുള്ള യന്ത്രവൽകൃത സംവിധാനങ്ങൾ- ലക്ഷത്തിനു മുകളിൽ ജനസന്ഖ്യയുള്ള തിരുവനന്തപുരം,കൊച്ചി ,കോഴിക്കോട് കോർപ്പറേഷനുകളിൽ പ്രതിദിനം ഒരു മെഷീനിനു പരമാവധി 55 ലക്ഷം രൂപ നിരക്കിൽ SBM

(U) ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

2. സിറ്റി സാനിറ്റേഷൻ

A. വ്യക്തിഗത ഗാർഹിക കക്കൂസുകളുടെ നിർമാണം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഭൗതിക ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ SBM അർബൻ /CFC ഗ്രാന്റ് / വികസന ഫണ്ട് / തനതു ഫണ്ട് / CSR ഫണ്ട് എന്നിവ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്

B. കമ്മ്യൂണിറ്റി ടോയ്‌ലറ്റ്/ പബ്ലിക് ടോയ്‌ലറ്റ് / മൂത്രപ്പുര പദ്ധതികൾ S B M അർബൻ ഫണ്ട് ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്. കമ്മ്യൂണിറ്റി ടോയ്‌ലറ്റ്/ പബ്ലിക് ടോയ്‌ലറ്റ് എന്നിവയ്ക്ക് സീറ്റ് ഒന്നിന് 1.5 ലക്ഷം രൂപ നിരക്കിലും ആസ്പിരേഷണൽ ടോയ്‌ലെറ്റുകൾക്ക് സീറ്റ് ഒന്നിന് 2.5 ലക്ഷം രൂപ നിരക്കിലും യൂറിനൽസിന് 32000 രൂപ നിരക്കിലും ആയിരിക്കും യൂണിറ്റ് കോസ്റ്റ്.

3. മലിന ജല സംസ്കരണ പദ്ധതികൾ -

1 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരസഭകളിൽ SBM അർബൻ ഫണ്ട് ഉൾപ്പെടുത്തി പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്. സീവർ നെറ്റ്‌വർക്ക് കണക്റ്റിവിറ്റിയുള്ള സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകൾ പണിയുന്നതിന് പ്ലാന്റിന്റെ ചിലവിന്റെ 50% ഫണ്ട് കേന്ദ്ര വിഹിതമായി ലഭിക്കുന്നതാണ്. സീവർ നെറ്റ്‌വർക്ക് പണിയുന്നതിനുള്ള ചെലവ് CFC ഗ്രാന്റ് / വികസന ഫണ്ട്/ തനതു ഫണ്ട് / CSR ഫണ്ട് തുടങ്ങിയവയിൽ നിന്നും കണ്ടത്തേണ്ടതാണ്. സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), പദ്ധതികൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) , സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതികൾക്ക് ബാധകമായ പൂർണ്ണമായും പാലിക്കേണ്ടതാണ്.

**8.5 ശുചിത്വ കേരളം- റൂറൽ പ്രകാരം ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

1 . പൊതുസ്ഥലങ്ങളിലും ഗ്രന്ഥശാലകളിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് ഉൾപ്പെടെ സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം.

2. ഗ്രാമങ്ങളിലെ സ്കൂളുകളിലും മറ്റ് വെള്ളക്കെട്ട്/തീരപ്രദേശങ്ങളിലും വെള്ളപ്പൊക്കം മൂലം കേടായ ടോയ്‌ലറ്റുകളുടെയും ഓൺസൈറ്റ് ട്രീറ്റ്മെന്റ് സിസ്റ്റങ്ങളുടെയും പുനർനിർമ്മാണം.

3. ഖരമാലിന്യ സംസ്കരണ പ്ലാന്റും അതിന്റെ പരിഷ്ക്കരണവും, മാലിന്യ സംസ്കരണത്തിനുള്ള MCF, RRF ഉപകരണങ്ങളും ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യൽ തുടങ്ങിയവ

4. ഉറവിട മാലിന്യ സംസ്കരണം

5. ദ്രവ മാലിന്യ പരിപാലനം

6. മഴക്കാലത്തിനു മുമ്പുള്ള ശുചീകരണ കാമ്പയിൻ (ആരോഗ്യ ജാഗ്രത)

7. ശിൽപശാലകൾ, ശേഷി വർദ്ധിപ്പിക്കൽ, അവാർഡുകളും അംഗീകാരങ്ങളും, ഗവേഷണ വികസന പ്രവർത്തനങ്ങൾ എന്നിവയുൾപ്പെടെയുള്ള IEC പ്രവർത്തനങ്ങൾ

8. ഭരണപരമായ ചിലവ്

9. SHGs/ Start Ups, HKS എന്നിവയ്ക്കുള്ള പ്രാരംഭ ഹാൻഡ്‌ഹോൾഡിംഗ് പിന്തുണ

10. ഗ്രാമീണ പൊതു ശുചിത്വ സൗകര്യങ്ങൾക്കുള്ള സാങ്കേതിക ഉപദേശം

11. പ്രളയം പോലുള്ള ദുരന്തവുമായി ബന്ധപ്പെട്ട ശുചിത്വവും മാലിന്യ സംസ്കരണവും

**8.6. ശുചിത്വ കേരളം- അർബൻ പ്രകാരം ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

1. നഗരങ്ങളിലെ റോഡുകളും പൊതുസ്ഥലങ്ങളും യന്ത്രവൽകൃതമായി തൂത്തുവാരൽ

2. കെട്ടിടം പൊളിക്കൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ

3. വ്യക്തിഗത ഗാർഹിക ലീച് പിറ്റുകൾ സെപ്റ്റിക് ടാങ്ക്/ബയോ ഡൈജസ്റ്റർ ആക്കി മാറ്റുക

4 . നഗരപ്രദേശങ്ങളിലെ സ്കൂളുകൾ/മറ്റ് വെള്ളക്കെട്ട്/തീരപ്രദേശങ്ങളിൽ വെള്ളപ്പൊക്കം മൂലം കേടായ ടോയ്‌ലറ്റുകളുടെയും ഓൺസൈറ്റ് ട്രീറ്റ്മെന്റ് സിസ്റ്റങ്ങളുടെയും പുനർനിർമ്മാണം

5. പൊതു സ്ഥലങ്ങളിൽ സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം

6. നഗരപ്രദേശങ്ങളിൽ ആധുനിക വേസ്റ്റ് ടു എനർജി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ

7. ഖരമാലിന്യ സംസ്കരണ പ്ലാന്റും അതിന്റെ പരിഷ്കരണവും, MRF/RRF, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യൽ

8. മാലിന്യത്തിന്റെ ഉറവിടതല സംസ്കരണം.

9. മഴക്കാല പൂർവ ശുചീകരണ കാമ്പയിൻ (ആരോഗ്യ ജാഗ്രത)

10. ശിൽപശാലകൾ, ശേഷി വർദ്ധിപ്പിക്കൽ, അവാർഡുകളും അംഗീകാരങ്ങളും, ഗവേഷണ വികസന പ്രവർത്തനങ്ങൾ ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ ഉൾപ്പെടെയുള്ള IEC പ്രവർത്തനങ്ങൾ

11. ദ്രവ മാലിന്യ പരിപാലനം

12. SHGs/ Start Ups എന്നിവയ്ക്കുള്ള പ്രാരംഭ ഹാൻഡ്ഹോൾഡിംഗ് പിന്തുണ

13. നഗരങ്ങളിലെ പൊതു ശുചിത്വ സൗകര്യങ്ങൾക്കുള്ള സാങ്കേതിക ഉപദേശം

14. പ്രളയം പോലുള്ള ദുരന്തവുമായി ബന്ധപ്പെട്ട ശുചിത്വവും മാലിന്യ സംസ്കരണവും

**8.7 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ**

നഗരസഭകളിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്. താഴെ പറയുന്ന പ്രവർത്തനങ്ങൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

1. എം.സി.എഫ് / എം.ആർ. എഫ്. കേന്ദ്രങ്ങളിലെ അജൈവ മാലിന്യങ്ങൾ തരം തിരിക്കൽ

2. നഗരസഭകളിലെ മാലിന്യ പ്ലാന്റുകളുടെ ദിനം തോറുമുള്ള പരിപാലനം

3. തുമ്പൂർ മൊഴി യൂണിറ്റുകൾ/ ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയുടെ ദിനം തോറുമുള്ള പരിപാലനം

4. മാലിന്യ കൂന ഇല്ലാത്ത വൃത്തിയുള്ള പൊതു ഇടം സൃഷ്ടിക്കൽ- പൊതു തെരുവുകൾ വൃത്തിയാക്കുന്ന പ്രവൃത്തികൾ തൊഴിലാളികളെ എൽപ്പിക്കാവുന്നതാണ്.

5 . ജലാശയങ്ങളിലെ ഖരമാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കൽ, കൊതുക് പ്രജനന കേന്ദ്രങ്ങളായ കെട്ടി കിടക്കുന്ന വെള്ളം ഒഴുക്കികളയുക, ഓടകൾ / അഴുക്കുചാലുകൾ എന്നിവ വൃത്തിയാക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ.

6. ജലാശയങ്ങളിലേക്ക് മാലിന്യം ഒഴുകുന്ന പൈപ്പുകൾ / ചാലുകൾ കണ്ടെത്തി നീക്കം ചെയ്യുക.

7 . മാലിന്യം നീക്കം ചെയ്ത് പൊതുഇടങ്ങളിൽ ചെടികളും മരങ്ങളും വച്ചു പിടിപ്പിച്ച് പച്ചത്തുരുത്ത്, പാർക്ക്, പൂന്തോട്ടം, മുതിർന്ന പൗരൻമാർക്ക് തണലിടങ്ങൾ എന്നിവ സൃഷ്ടിക്കുക.

8. സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിന്റെ ഭാഗമായി വരുന്ന കുഴി എടുക്കൽ.

മേൽ പറഞ്ഞ പ്രവർത്തനങ്ങൾ നഗരസഭകളുടെ 2023 - 24 സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റിലും ആക്ഷൻ പ്ലാനിലും ഉൾപ്പെട്ടിട്ടില്ലെങ്കിൽ ലേബർ ബഡ്ജറ്റുകൾ ഭേദഗതി വരുത്തി മേൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള അനുവാദം ഈ സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം നഗരസഭാ കൗൺസിലുകൾക്ക് നൽകുന്നു. 2024-25 സാമ്പത്തിക വർഷം മുതൽ മേൽ പ്രവർത്തങ്ങളും ഉൾപ്പെടുത്തി മാലിന്യസംസ്കരണത്തിനു വേണ്ടിയുള്ള സമഗ്ര സംയോജിത പരിപാടി ലേബർ ബഡ്ജറ്റിലും ആക്ഷൻ പ്ലാനിലും എല്ലാ നഗരസഭകളും ഉൾപ്പെടുത്തേണ്ടതാണ്.

**8.8 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ശുചിത്വവും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്**

- അന്ത്യോദയ ഗ്രാമപഞ്ചായത്തുകളിൽ വ്യക്തിഗത ശുചിമുറി നിർമ്മാണം
- ഒറ്റക്കുഴി കക്കൂസുകൾ ഇരട്ടക്കുഴി ആക്കി മാറ്റൽ
- കമ്പോസ്റ്റ്പിറ്റ്, സോക്ക് പിറ്റ്, മിനി എം.സി.എഫ്. , തുമ്പൂർമൊഴി കമ്പോസ്റ്റ്പിറ്റ്, സോക്കേജ് ചാനൽ, വെർമി കമ്പോസ്റ്റ്പിറ്റ് എന്നിവയുടെ നിർമ്മാണം. ഇത്തരം പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും എം.ജി.എൻ.ആർ.ഇ. ജി.എസ്. -ൽ നിന്ന് നൽകുന്നതാണ്. റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ, പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ല.
- സമഗ്ര എസ്.ടി., എസ്.സി. കോളനി നവീകരണം (സംയോജിത പദ്ധതി എന്ന രീതിയിൽ):
- പട്ടികജാതി കോളനികളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ശുചിത്വപരിപാലനം ഉറപ്പുവരുത്തുന്നതിനും സോക്കേജ്പിറ്റുകൾ ഓവുചാലുകൾ തുമ്പൂർ മൊഴി കമ്പോസ്റ്റ് പിറ്റുകൾ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ്പദ്ധതികളുടെ സംയോജനംകൂടി ഉറപ്പാക്കി നടപ്പാക്കാവുന്നതാണ്.
- ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റ്
- വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അധികജലം ഒഴുക്കിവിടാനുള്ള ഓവുചാലുകൾ

മേൽപ്രവത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയുടെ കീഴിൽ ഏറ്റെടുത്ത്നടപ്പിലാക്കുന്നതിന്സാധിക്കുമെങ്കിലും ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും ഈ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയുടെ മാലിന്യസംസ്കരണമേഖലയിലെ കാര്യക്ഷമമായ നടത്തിപ്പിനായി ചുവടെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1 . ഹരിതകേരളം, ശുചിത്വ മിഷൻ കുടുംബശ്രീ, എന്നിവയുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്യാമ്പയിൻ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തണം.

2 . വ്യക്തിഗത ഗുണഭോക്താക്കൾക്ക് കമ്പോസ്റ്റ് പിറ്റ്, സോക്പിറ്റ് എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ ഗ്രാമപഞ്ചായത്ത് ടെണ്ടർ നടപടിയിലൂടെ വിതരണക്കാരെ കണ്ടെത്തി വാങ്ങി നൽകേണ്ടതാണ്.

3. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായിവരുന്ന വിദഗ്ധ അർദ്ധ വിദഗ്ധ തൊഴിലാളികളെ ലഭ്യമാക്കുന്നതിന് തൊഴിലുറപ്പ് തൊഴിലാളികൾക്ക് മികവ് പരിശീലനം സംഘടിപ്പിക്കണം. കുടുംബശ്രീ പരിശീലനം ലഭ്യമാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ ഗ്രൂപ്പുകളിൽപ്പെട്ട തൊഴിലാളികളെയും ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

**8.9 കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ (KSWMP) കീഴിൽ ഏറ്റെടുക്കാവുന്ന പദ്ധതികൾ (നഗരസഭകൾക്ക് മാത്രം):**

കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) പ്രകാരം ലഭിക്കുന്ന ഫണ്ടിനെ Basic Grant (40%) എന്നും Incentive Grant (60%) എന്നും രണ്ടായി തരം തിരിച്ചിട്ടുണ്ട്. പദ്ധതിക്ക് സന്നദ്ധമായി KSWMP യുമായി കരാറിൽ ഏർപ്പെടുമ്പോൾ തന്നെ 40% Basic Grant ലഭിക്കാൻ നഗരസഭകൾ അർഹത നേടുന്നതാണ്. താഴെ പറയുന്ന 3 നിബന്ധനകൾ പാലിക്കുന്ന മുറയ്ക്ക് 40 % Incentive Grant ലഭിക്കുന്നതാണ്.

1. നഗരത്തിനായി സമഗ്രമായ 5 വർഷത്തെ ഖരമാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുക.

2. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾക്കും സംസ്ഥാന സർക്കാറിന്റെ ഖരമാലിന്യ പരിലപാലന നയങ്ങൾക്കും തന്ത്രങ്ങൾക്കും അനുസൃതമായി ബൈലാ പുറപ്പെടുവിക്കുക.

3. മാലിന്യം സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള സ്ഥലത്തേക്കുള്ള പ്രവേശനം ഉറപ്പാക്കുക

അവശേഷിക്കുന്ന 20% Incentive Grant ൽ 5 % വീതം താഴെ പറയുന്ന ഓരോ ഘടകങ്ങളും പൂർത്തിയാക്കുമ്പോൾ ലഭിക്കുന്നതാണ്.

1 . കേരള സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരം മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി 2 വീതം ജീവനക്കാരെ നഗരസഭയിൽ നിയമിക്കുക.

2 . മാലിന്യ സംസ്കരണത്തിനും ഗതാഗത സേവനത്തിനുമായി പ്രകടനത്തെ അടിസ്ഥാനമാക്കി കരാറുകളിൽ ഏർപ്പെടുക.

3. യൂസർ ഫീ ചുമത്തുന്നതിനും Operation & maintenance എന്നിവയ്ക്കായി പദ്ധതി തയ്യാറാക്കുക.

4. പരാതി പരിഹാര സംവിധാനങ്ങൾ ഉൾപ്പടെ മോണിറ്ററിംഗും വിലയിരുത്തലും നടപ്പാക്കുക.

കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി എല്ലാ നഗരസഭകളിലും ഖരമാലിന്യ പരിപാലന പദ്ധതി (SWM Plan) തയ്യാറാക്കുന്ന ജോലികൾ അവസാനഘട്ടത്തിലാണ്. KSWMP യുടെ രണ്ടാം വർഷ പദ്ധതികൾ തയ്യാറാക്കുമ്പോൾ നഗരസഭകളുടെ SWM Plan -ൽ ഉൾപ്പെട്ട പദ്ധതികൾ മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടതാണ്.

കേരള ഖരമാലിന്യ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികളെ ട്രാക്ക്- 1, ട്രാക്ക് - 2 എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ട്രാക്ക് -1-ൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ ഖരമാലിന്യ പരിപാലന പദ്ധതിയുടെ കീഴിൽ തയ്യാറാക്കുന്ന SWM Plan - ന് വിധേയമായി ഏറ്റെടുത്ത് മാനദണ്ഡങ്ങൾ പാലിച്ച് നിർവഹണം ആരംഭിക്കാവുന്നതാണ്.

| **അനുവദനീയമായ പ്രവർത്തികൾ** | **കാറ്റഗറി** |
|---|---|
| 1. ജനറേറ്റർ തലത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണം- കുടുംബങ്ങൾ, സ്ഥാപനങ്ങൾ/മാർക്കറ്റുകൾ (ബിന്നുകൾ, ജൈവമാലിന്യ സംസ്കരണത്തിനുള്ള ഉപാധികൾ) | ട്രാക്ക് - 1 |
| 2. ശേഖരണവും ഗതാഗതവും- വാഹനങ്ങളും ഉപകരണങ്ങളും, സെക്കന്ററി ബിന്നുകൾ, സെക്കൻഡറി സ്റ്റോറേജ് സൗകര്യങ്ങൾ | ട്രാക്ക് - 2 |
| 3. **പ്രോസസ്സിംഗ്** | |

| | |
|---|---|
| | |
| നിലവിലുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തുക - MCF/ RRF/കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ്, കമ്പോസ്റ്റിംഗ് | ട്രാക്ക് - 1 |
| പുതിയ കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ* | ട്രാക്ക് - 2 |
| പുതിയത് - MCF/ RRF* | ട്രാക്ക് - 2 |
| നഗരതല കമ്പോസ്റ്റിംഗ് | ട്രാക്ക് - 2 |
| താൽക്കാലിക സംഭരണ സൗകര്യങ്ങൾ | ട്രാക്ക് - 2 |
| ഡംപ്സൈറ്റുകളുടെ റീഹാബിലിറ്റേഷനും ഇൻക്രിമെന്റൽ ഡിസ്പോസൽ സെല്ലുകളുടെ വികസനവും | ട്രാക്ക് -1 |
| സെക്കൻഡറി ഗതാഗതം (ശരാശരി ഗതാഗത ദൂരം 60 കി.മീ) | ട്രാക്ക് - 2 |
| 4. **കൊവിഡുമായി ബന്ധപ്പെട്ട ചെലവുകൾ** | |
| എ) IEC ബി) സാങ്കേതിക സഹായം, സി) സിറ്റിസൺ ഔട്ട് റീച്ച്, ഡി) ശിൽപശാലകളും കൺസൾട്ടേഷനും, ഇ) സർവേകൾ എഫ്) ആസൂത്രണം എന്നീ പ്രവർത്തനങ്ങൾക്കായി വ്യക്തികളെ അല്ലെങ്കിൽ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുക അല്ലെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവ് | ട്രാക്ക് - 1 |
| പൊതു ശുചീകരണം, ശുചിത്വം, ശുചിത്വ പ്രവർത്തനങ്ങൾ | ട്രാക്ക് - 1 |
| മാലിന്യ സംസ്കരണ തൊഴിലാളികൾക്ക് സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള സംരക്ഷണ ഗിയറുകളുടെയും ഉപകരണങ്ങളുടെയും പിന്തുണ | ട്രാക്ക് - 1 |
| വനിതാ സ്വയം സഹായ സംഘങ്ങൾ ഉൾപ്പെടെയുള്ള ശുചീകരണ, മാലിന്യ | ട്രാക്ക് - 1 |

| | |
|---|---|
| സംസ്കരണ തൊഴിലാളികൾക്ക് ഉപജീവന സഹായവും വേതനവും | |
| 5. O & M സബ്സിഡി | |
| പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള ശേഖരണത്തിനും ഗതാഗത കരാറിനും കീഴിലുള്ള പേയ്മെന്റുകൾ | ട്രാക്ക് - 1 |
| ഒരു കരാറിന് കീഴിൽ പ്രവർത്തിക്കുന്ന നഗരത്തിലുടനീളം കമ്പോസ്റ്റിംഗ് സൗകര്യങ്ങൾക്കുള്ള പേയ്മെന്റുകൾ | ട്രാക്ക് - 1 |
| ക്ലസ്റ്റർ സൗകര്യങ്ങളിലേക്കും റീജിയണലുകളിലേക്കും ടിപ്പിംഗ് ഫീസ് ഉൾപ്പെടെ, പങ്കിട്ട പ്രാദേശിക സൗകര്യങ്ങളിൽ പങ്കെടുക്കുന്നതിന് നൽകേണ്ട നിരക്കുകൾ | ട്രാക്ക് - 1 |
| പ്രാദേശിക ലാൻഡ്ഫില്ലുകളിലേക്കുള്ള സെക്കണ്ടറി ഗതാഗതത്തിനുള്ള നിരക്കുകൾ | ട്രാക്ക് - 1 |

ട്രാക്ക് 2- ആയി തരം തിരിച്ചിട്ടുള്ള പ്രോജക്റ്റുകൾ നഗരസഭകൾ ഏറ്റെടുക്കുന്നതിന് മുൻപ് 2016 ലെ ദേശീയ ഖരമാലിന്യ ചട്ടങ്ങൾക്കും - മറ്റ് ദേശീയ നിയമങ്ങൾക്കുമനുസരിച്ച് മാലിന്യം സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള സൗകര്യത്തിലേക്കുള്ള പ്രവേശനം/ഉപയോഗം സ്ഥിരീകരിക്കേണ്ടതാണ്.

*കുറിപ്പ്: - ഫൈനൽ ഡിസ്പോസൽ ഫെസിലിറ്റികളിലേക്ക് മാലിന്യം സൃഷ്ടിക്കുന്നില്ലെങ്കിൽ, അത്തരം പ്രോജക്റ്റുകളെ ട്രാക്ക് - 1 ആയി കണക്കാക്കുന്നതാണ്.

**9. നിർവ്വഹണം**

'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ ഭാഗമായ ഹ്രസ്വകാലത്തിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ 30/11/2023 ന് മുൻപും ദീർഘകാല ലക്ഷ്യങ്ങൾ 31/3/2024 നകവും പൂർത്തീകരിക്കേണ്ടതാണ്.

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഏറ്റെടുക്കുന്ന നിർമ്മാണ സ്വഭാവമുള്ള പ്രോജക്റ്റുകൾ നടപ്പിലാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എൻജിനീയറിങ്

വിഭാഗമാണ്. എന്നാൽ, ഗ്രാമപഞ്ചായത്തുകളിലെ നിർമ്മാണ പ്രവർത്തനം ഇല്ലാത്തതും യന്ത്രസാമഗ്രികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമായ പ്രോജക്ടുകൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്. നഗരസഭകളിൽ നിർമ്മാണ പ്രവർത്തികൾ ഇല്ലാത്തതും യന്ത്രസാമഗ്രികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമായ പ്രോജക്ടുകൾ ഹെൽത്ത് ഓഫീസർ /ക്ലീൻ സിറ്റി മാനേജറും/ ഹെൽത്ത് ഇൻസ്പെക്ടർമാരും നടപ്പിലാക്കേണ്ടതാണ്. നിർവ്വഹണ ഘട്ടങ്ങളിൽ തദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ ശുചിത്വ മിഷന്റെയും ക്ലീൻ കേരള കമ്പനിയുടെയും സാങ്കേതിക സഹായം തേടാവുന്നതാണ്.

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഏറ്റെടുക്കുന്ന പ്രവർത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കി അത്തരം പ്രവർത്തികളുടെ നിർമ്മാണം സർക്കാർ ഇതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയും നിർവഹിക്കാവുന്നതാണ്.

'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ മുഴുവൻ പ്രവർത്തനങ്ങളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും പഞ്ചായത്ത്/കൗൺസിലും ഓരോ ആഴ്ചയും വിലയിരുത്തേണ്ടതാണ്. 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിലെ ഏകോപനം അസിസ്റ്റൻറ് സെക്രട്ടറി/ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരും മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ ഏകോപനം ഹെൽത്ത് ഓഫീസർ/ക്ലീൻ സിറ്റി മാനേജരും / ഹെൽത്ത് ഇൻസ്പെക്ടർമാരും നിർവ്വഹിക്കേണ്ടതാണ്.

**10. മോണിറ്ററിംഗ് - ജില്ലാ ആസൂത്രണ സമിതികൾ**

1. മേൽ നിർദ്ദേശിച്ച പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സമഗ്ര ശുചിത്വ മാലിന്യസംസ്കരണത്തിനുള്ള പദ്ധതികൾ ഏറ്റെടുത്ത് 31/07/2023 - ന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി എന്ന് ഉറപ്പാക്കേണ്ടതാണ്. ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നിർവഹണം എല്ലാ മാസവും ജില്ലാ ആസൂത്രണ സമിതി വിലയിരുത്തേണ്ടതും പദ്ധതി നിർവഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സഹായങ്ങളും നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

2. ബന്ധപെട്ട ജില്ലാ ഉദ്യോഗസ്ഥർ/ഏജൻസികളുടെ ചുമതലക്കാർ വിവിധ സ്കീമുകൾ/പ്രൊജക്റ്റുകൾ എന്നിവയിലൂടെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭിക്കാവുന്ന തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് എന്ന് DPC

ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. കോർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി
8. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. പ്രൊജക്റ്റ് ഡയറക്ടർ, KSWMP
16. ഡയറക്ടർ, MGNREGS
17. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
19. മിഷൻ ഡയറക്ടർ, അമൃത്
20. മാനേജിംഗ് ഡയറക്ടർ, CKCL
21. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
22. എല്ലാ ജില്ലാ കളക്ടർമാർക്കും
23. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)

25. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

26. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

27. ഡയറക്ടർ ജനറൽ, കില

28. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

29. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

30. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്

31. തദ്ദേശ സ്വയംഭരണ (ഡബ്ള്യൂ.എം.) വകുപ്പ്

32. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 10-07-2023 13:14:51
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്